ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:08.07.2025

## പ്രധാനവാർത്തകൾ

1. വിദേശ പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രസീൽ പ്രസിഡന്റുമായി ഇന്ന് ചർച്ച നടത്തും. പ്രധാനമന്ത്രി നാളെ നമീബിയയിൽ.
2. സംസ്ഥാനത്ത് നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതം. മലപ്പുറത്തെ നിപ ബാധയുടെ പശ്ചാത്തലത്തിൽ വയനാട്ടിലും ജാഗ്രതാ നിർദേശം.
3. എല്ലാവർക്കും ഭൂമി എല്ലാവർക്കും രേഖ എന്ന ആശയത്തിലൂന്നിയുള്ള കേരളത്തിന്റെ ഡിജിറ്റൽ സർവ്വേ രാജ്യത്തിന് മാതൃകയെന്ന് റവന്യൂ മന്ത്രി കെ രാജൻ.
4. ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ മാഞ്ചസ്റ്ററിൽ.
5. സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത; ഈ മാസം 12 വരെ കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി -ബ്രസീൽ

RNU TVPM

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദേശ പര്യടനം അവസാന ഘട്ടത്തിൽ. ബ്രസീൽ പ്രസിഡൻ്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി പ്രധാനമന്ത്രി ഇന്ന് ബ്രസീലിയയിൽ പ്രതിനിധി തല ചർച്ച നടത്തും. പുനരുപയോഗ ഊർജം , കൃഷി , ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ , രഹസ്യവിവര കൈമാറ്റം എന്നിവയുമായി ബന്ധപ്പെട്ട ധാരണാപത്രങ്ങളിൽ ഇന്ത്യയും ബ്രസീലും ഒപ്പു വയ്ക്കും. വിദേശ പര്യടനത്തിൻ്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നാളെ നമീബിയയിൽ എത്തും.

&&&&&&&&&&&&&&&&&&

**കേരളത്തിൽ നിപ**

കേരളത്തിൽ നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതം. നിപ സ്ഥിരീകരിച്ച പാലക്കാട് സ്വദേശിനി ചികിത്സയിൽ തുടരുകയാണ്. അതേസമയം, നിപ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിലെ വവ്വാലുകളിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനായി നാഷണൽ വൈറോളജി ഇൻസ്റ്റിട്യൂട്ടിൽ നിന്നും വിദഗ്ദ്ധ സംഘം സംസ്ഥാനത്തെത്തും.

&&&&&&&&&&&&&&&&&&

**നിപ - വയനാട്**

മലപ്പുറം ജില്ലയിൽ നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ വയനാട്ടിലും ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ

BIJU TVPM

ഓഫീസർ. ജില്ലയിലെ പഴംതീനി വവ്വാലുകളിൽ ICMR മുൻപ് നടത്തിയ പരിശോധനയിൽ നിപ വൈറസിനെതിരെയുള്ള ആൻറി ബോഡികൾ കണ്ടെത്തിയിരുന്നു. രോഗസാധ്യത ലക്ഷണങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യാൻ എല്ലാ ആരോഗ്യ കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയതായും DMO അറിയിച്ചു.

&&&&&&&&&&&&&&&&&&

## നിപ- ഇ-സഞ്ജീവനി

നിപ പ്രത്യേക OP സേവനങ്ങൾ ഇ-സഞ്ജീവനി ആപ്പിൽ ലഭ്യമാക്കി. രാവിലെ 8 മുതൽ രാത്രി 8 മണിവരെയാണ് സേവനം. ഇ-സഞ്ജീവനി വഴി ഡോക്ടറുടെ സേവനം ലഭ്യമാക്കി ആശുപത്രി സന്ദർശനം പരമാവധി ഒഴിവാക്കുകയാണ് ലക്ഷ്യം.

RNU TVPM

&&&&&&&&&&&&&&&&&&

## ക്വാറി-കോന്നി (ഇൻട്രോ)

പത്തനംതിട്ട കോന്നിയിലെ ക്വാറിയിൽ ഇന്നലെ നടന്ന അപകടത്തിൽ പാറയിടിഞ്ഞുവീണു കാണാതായ ബീഹാർ സ്വദേശി അജയ് റായിക്കായുള്ള രക്ഷാ ദൗത്യം വൈകാൻ സാധ്യത. രാവിലെ രക്ഷാ ദൗത്യം പുനരാരംഭിച്ചെങ്കിലും അപകടകരമായ രീതിയിൽ പാറ ഇളകി വീണതും കൂടുതൽ

സജ്ജീകരണങ്ങൾ ഇല്ലാത്തതും രക്ഷാ പ്രവർത്തനം താത്കാലികമായി നിർത്തിവയ്ക്കാൻ കാരണമായിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ......**

(വോയിസ്)

&&&&&&&&&&&&&&&&&&

**ദേശീയ പണിമുടക്ക്**

വിവിധ ആവശ്യങ്ങളുന്നയിച്ച് സംയുക്ത ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ ഇന്ന് അർധരാത്രി മുതൽ ദേശീയ പണിമുടക്ക് നടത്തും. ഇന്ന് രാത്രി 12 മണി മുതൽ നാളെ രാത്രി 12 മണി വരെയാണ് പണിമുടക്ക്. ലേബർ കോഡുകൾ പിൻവലിക്കുക, വിലക്കയറ്റം തടയുക, പൊതുമേഖലാ ഓഹരി വിൽപന അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. അതേസമയം, നാളത്തെ പണിമുടക്ക് രാഷ്ട്രീയ പ്രേരിതമാണെന്ന് കേന്ദ്ര സർക്കാരിനെ പിന്തുണയ്ക്കുന്ന തൊഴിൽ സംഘടനകൾ ആരോപിച്ചു.

&&&&&&&&&&&&&&&&&&

**ഡയസ്നോൺ കെ എസ് ആർ ടി സി.**

നാളെ നടക്കാനിരിക്കുന്ന ദേശീയ പണിമുടക്കിൻറെ പശ്ചാത്തലത്തിൽ ഡയസ്നോൺ

RNUTVPM

പ്രഖ്യാപിച്ച് കെ എസ് ആർ ടി സി. ജോലിക്ക് എത്താത്തവരുടെ ഒരു ദിവസത്തെ ശമ്പളം റദ്ദാക്കുമെന്നും ക്രമസമാധാന പ്രശ്നം ഉണ്ടായാൽ പോലീസിനെ അറിയിക്കാനും KSRTC എംഡിയുടെ ഉത്തരവിൽ പറയുന്നു. പണിമുടക്കുമായി ബന്ധപ്പെട്ട് ഒരു ട്രേഡ് യൂണിയനും നോട്ടീസ് നൽകിയിട്ടില്ലെന്ന് നേരത്തെ ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

**കെ രാജൻ**

എല്ലാവർക്കും ഭൂമി എല്ലാവർക്കും രേഖ എന്ന ആശയം മുൻനിർത്തി കേരളം നടപ്പിലാക്കിയ ഡിജിറ്റൽ സർവ്വേ രാജ്യത്തിന് മാതൃകയെന്ന് റവന്യൂ മന്ത്രി കെ രാജൻ. മറ്റൊരു സംസ്ഥാനത്തിനും സാധിക്കാത്ത തരത്തിൽ, വേഗത്തിലും സുതാര്യമായും ജനപങ്കാളിത്തത്തോടും കൂടിയാണ് ഡിജിറ്റൽ റീസർവേ നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒറ്റ ചിപ്പിൽ 14 രേഖകൾ അടങ്ങിയ റവന്യൂ കാർഡ് ജനങ്ങൾക്ക് ഉടൻ ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**വി ശിവൻകുട്ടി-ഡി ജി പി**

സമൂഹമാധ്യമം വഴി വ്യാജപ്രചാരണം നടത്തുന്നതായി കാണിച്ച് മന്ത്രി വി ശിവൻകുട്ടിയുടെ ഓഫീസ് ഡി ജി പിയ്ക്ക് പരാതി നൽകി. വിദ്യാർത്ഥികൾ വെള്ളിയാഴ്ചകളിൽ

മതപരമായ ചടങ്ങുകൾക്കായി സ്കൂളിന് പുറത്തു പോകുന്നത് കർശനമായി നിരോധിക്കും എന്ന വ്യാജ പ്രചാരണത്തിനെതിരെയാണ് പരാതി.

&&&&&&&&&&&&&&&&&&

**എസ് എഫ് ഐ**

ഗവർണർക്കെതിരെ കേരള സർവ്വകലാശാലാ ആസ്ഥാനത്തേക്ക് SFI പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. വി സി യുടെ ചേമ്പറിലേക്ക് കയറാൻ ശ്രമിച്ച പ്രവർത്തകരും പോലീസും തമ്മിൽ വാക്കേറ്റവും സംഘർഷവുമുണ്ടായി. എസ് എഫ് ഐ പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. എസ് എഫ് ഐ കണ്ണൂർ സർവകലാശാലയിലേക്ക് നടത്തിയ മാർച്ചിലും സംഘർഷമുണ്ടായി.

RNU TVPM

&&&&&&&&&&&&&&&&&&

**ഗവർണർ- വി. ശിവൻകുട്ടി,**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങളെ ഇല്ലാതാക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളാണ് ഗവർണറുടെ ഭാഗത്തു നിന്നും നടക്കുന്നതെന്ന് മന്ത്രി വി. ശിവൻകുട്ടി. സമാധാനം നിലനിർത്തുന്നതിനും സർവകലാശാലകളുടെ സുഗമമായ പ്രവർത്തനത്തിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വാർത്താക്കുറിപ്പിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**പ്രതിപക്ഷ നേതാവ്**

ഉന്നത വിദ്യാഭാസരംഗവുമായി ബന്ധപ്പെട്ട് സർക്കാരും ഗവർണറും നടത്തുന്ന വിവാദങ്ങളിൽ ഇരകളാകുന്നത് വിദ്യാർത്ഥികളാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അക്കാദമിക് രംഗത്തെ കുറിച്ച് ഒരു ചർച്ചയും നടക്കുന്നില്ലെന്നും, തിരുവനന്തപുരത്ത് നടത്തിയ വാർത്ത സമ്മേളനത്തിൽ പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. രാജ്ഭവനെ രാഷ്ട്രീയ മത പ്രചരണങ്ങൾക്കുള്ള വേദിയാക്കി മാറ്റരുതെന്ന് ആദ്യം ആവശ്യപ്പെട്ടത് പ്രതിപക്ഷമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

RNU TVPM

&&&&&&&&&&&&&&&&&&

**കുടുംബശ്രീ വനിതകൾ. ഇടുക്കി (ഇൻട്രോ)**

വിഷരഹിത പച്ചക്കറികളും വിവിധയിനം പൂക്കളും വിപണിയിലെത്തിച്ച് നാടിൻറെ ഓണം സമ്പുഷ്ടമാക്കാൻ ഒരുങ്ങുകയാണ് കുടുംബശ്രീ. ഇക്കുറിയും പൂർണമായും ജൈവ രീതിയിൽ മണ്ണിൽ പൊന്നുവിളയിക്കാനാണ് ഇടുക്കി ജില്ലയിലെ കുടുംബശ്രീ വനിതകളുടെ ശ്രമം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ ..........

**(വോയിസ്)**

&&&&&&&&&&&&&&&&&&

**വനിതാ T 20 ,**

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള വനിതാ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ മാഞ്ചസ്റ്ററിൽ നടക്കും. ഓവലിൽ നടന്ന അവസാന മത്സരത്തിൽ, അഞ്ച് റൺസിന് ഇംഗ്ലണ്ട് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ നിലവിൽ 2–1ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

**കാലാവസ്ഥ**

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 12 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

**ബാണാസുര സാഗർ**

വയനാട് ബാണാസുര സാഗർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ജാഗ്രത നിർദേശം

RNUTVPM

നൽകി. നിലവിൽ ഡാമിൻറെ സ്പിൽവെ ഷട്ടറുകൾ അടച്ചിരിക്കുകയാണെങ്കിലും നീരൊഴുക്ക് തുടർന്നാൽ നിയന്ത്രിത അളവിൽ ജലം തുറന്നുവിടുമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

&&&&&&&&&&&&&&&&&&&

**പി ജാനകിയുടെ 44 കവിതകൾ- കണ്ണൂർ (ഇൻട്രോ)**

സാക്ഷരത തുല്യതാ ക്ലാസ്സിലൂടെ അക്ഷരം പഠിച്ച് അറിവ് സമ്പാദിച്ച കണ്ണൂർ ചെങ്ങളായി തോപ്പിലായി സ്വദേശിനി പി ജാനകിയുടെ 44 കവിതകൾ ഉൾപ്പെടുത്തിയ കവിതാ സമാഹാരം പ്രകാശനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പ്രകാശന കർമ്മം നിർവഹിച്ചു.

RNU TVPM

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ .ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട് ........**

**(വോയിസ്)**

&&&&&&&&&&&&&&&&&&&

**ഓഹരി , സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 270 പോയിൻറ് ഉയർന്ന് 83,713 ലും നിഫ്റ്റി 61 പോയിൻറ് നേട്ടത്തിൽ 25,523 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കൂടി. ഗ്രാമിന് 50 രൂപ ഉയർന്ന് 9,060 രൂപയും പവന് 72,480 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&

**സൗബിൻ അറസ്റ്റിൽ**

മഞ്ഞുമ്മൽ ബോയ്സ് ചിത്രവുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പ് കേസിൽ നടനും നിർമാതാവുമായ സൗബിൻ ഷാഹിറിനെ അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചു. സൗബിനെ ചോദ്യം ചെയ്ത ശേഷം കൊച്ചി മരട് പോലീസാണ് അറസ്റ്റ് ചെയ്തത്. നടൻ ഹൈക്കോടതിയിൽനിന്ന് മുൻകൂർ ജാമ്യം നേടിയിരുന്നതിനാൽ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. സഹനിർമാതാക്കളായ ബാബു ഷാഹിർ, ഷോൺ ആൻറണി എന്നിവരുടെ അറസ്റ്റും രേഖപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&

**രക്തദാന തട്ടിപ്പ്**

രക്തദാന രംഗത്തെ തട്ടിപ്പുകൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കേരള പൊലീസ്. രക്തദാനം ചെയ്യാൻ ഡോണർമാരെ എത്തിക്കാം എന്ന വ്യാജവാഗ്ദാനം നൽകി വൻ തുക വാങ്ങി കബളിപ്പിക്കുന്നതായുള്ള നിരവധി പരാതികളാണ് പോലീസിൻറെ പോൽ-ബ്ലഡിലേക്ക് ലഭിച്ചിട്ടുള്ളത്. തട്ടിപ്പുകളെക്കുറിച്ച് polblood.pol@kerala.gov.in എന്ന ഇ-

മെയിൽ വിലാസത്തിൽ പരാതികൾ നൽകാമെന്നും പൊലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM